**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3472** **26-10-2021 - ൽ മറുപടിയ്ക്ക്**

**ഫാമുകളിലെ ക്ലാസ്സ് ഫോർ ജീവനക്കാരുടെ ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കൃഷി വകുപ്പിന്റെ ഫാമുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം ലഭിച്ച ക്ലാസ്സ് ഫോർ ജീവനക്കാരെ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം അനുകൂലമായി പരിഗണിക്കുമോ എന്ന് വ്യക്തമാക്കുമോ; | (എ) | ഇക്കാര്യം സർക്കാരിന്റെ പരിശോധനയിലാണ്. |
| (ബി) | 2018 ൽ ആരംഭിച്ച സേവന വ്യവസ്ഥ ഇതുവരെ നടപ്പിലാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ: ഉണ്ടെങ്കിൽ ആയത് നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ; | (ബി) | ഫാം തൊഴിഇക്കാര്യം സർക്കാരിന്റെ പരിശോധനയിലാണ്.ലാളികളുടെ സേവന വേതന വ്യവസ്ഥ പരിഷ്കരിക്കുന്നതിനായി സമിതിയെ നിയോഗിക്കുകയും പ്രസ്തുത സമിതി സർക്കാരിന്, രണ്ടു ഭാഗങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട്, റിപ്പോർട്ട് നൽകുകയും പ്രസ്തുത റിപ്പോർട്ടിന്റെ ഭാഗം ഒന്ന് വ്യവസ്ഥകൾക്ക് വിധേയമായി അംഗീകരിച്ച് സർക്കാർ ഉത്തരവായിരുന്നു. സർക്കാർ അംഗീകരിച്ച സേവന വ്യവസ്ഥകളുടെ ഒന്നാം ഭാഗം എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും തുടർനടപടികൾക്കായി നൽകിയിരുന്നു. ഫാം തൊഴിലാളികളുടെ ജോലിയുടെ സ്വഭാവം പരിഗണിച്ച് സേവന വ്യവസ്ഥകൾ പടിപടിയായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) | പ്രസ്തുത ജീവനക്കാർക്ക് 2019, 2020 വർഷങ്ങളിലെ നാല് ഗഡു ക്ഷാമബത്ത തടഞ്ഞുവച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് അറിയിക്കാമോ? | (സി) | ഉണ്ട്. 08.02.2021-ലെ സ.ഉ. (പി) നം. 25/2021/ധന സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ ജീവനക്കാർക്ക് അനുവദിച്ച ക്ഷാമബത്ത ഫാം തൊഴിലാളികൾക്കും അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ